**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23** **23-01-2025 - ൽ മറുപടിയ്ക്ക്**

**പെരിയ ഇരട്ട കൊലപാതക കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പെരിയ ഇരട്ട കൊലപാതക കേസിലെ പ്രതികളെ ജയിലിൽ സ്വീകരിക്കാൻ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയംഗവും ഖാദി ബോർഡ് വൈസ് ചെയർമാനും ജയിൽ അഡ്വൈസറി കമ്മിറ്റിയംഗവുമായ വ്യക്തിയടക്കം പോയതായി പറയപ്പെടുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ എന്നറിയിക്കുമോ; | (എ) | **ഇല്ല.**<br>**വിവിധ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്നവർ ജയിലുകളിലേക്ക് എത്തുന്ന സാഹചര്യത്തിൽ അവരുടെ നേതാക്കളും പൊതു പ്രവർത്തകരും സന്ദർശിക്കുന്നത് സാധാരണയാണ്.** |
| (ബി) | രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ രണ്ട് യുവാക്കളെ കൊലപ്പെടുത്തിയ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് രാഷ്ട്രീയ പിന്തുണ നൽകുന്നത് സമൂഹത്തിൽ തെറ്റായ സന്ദേശം നൽകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | രാഷ്ട്രീയ കൊലപാതകങ്ങൾക്ക് അറുതി വരുത്താനും നീതിയുക്തമായ അന്വേഷണം നടത്താനും സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | **വ്യത്യസ്ത രാഷ്ട്രീയ അഭിപ്രായമുള്ള പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്ന നമ്മുടെ സമൂഹത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ പാടില്ല എന്നതാണ് സർക്കാർ നിലപാട്. അത് സാധ്യമാകണമെങ്കിൽ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ദൃഢനിശ്ചയത്തോടെയുള്ള നിലപാടാണ് വേണ്ടത്. സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുമായി എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സഹകരിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എന്നിരുന്നാലും ചില മേഖലകളിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി കണ്ട് ജാഗ്രതാ പൂർവ്വമായ പ്രവർത്തനമാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. ഇത്തരം കേസ്സുകളിൽ നീതിയുക്തവും സുതാര്യവുമായ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ ശക്തമായ നിയമനടപടികൾ ഉറപ്പുവരുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ